LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യമായ പിന്നോക്കാവസ്ഥ ഈ സമുദായത്തിന് ഇല്ല എന്നാണ്. ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്തേണ്ടതില്ലെന്ന് ഗവൺമെന്റിനോട് ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ വിദ്യാഭ്യാസ അവകാശങ്ങൾക്കു വേണ്ടി ഈ സമുദായത്തെ എസ്.ഇ.ബി.സി.യിൽ (Socially and Educationally Backward Community) ഉൾപ്പെടുത്തിയിട്ടുണ്ട്. പിന്നോക്ക സമുദായ കമ്മീഷൻ, ഭരണഘടനയുടെ 16 (4)-ൽ പറയുന്ന സാമൂഹ്യ പിന്നോക്കാവസ്ഥ ഇല്ലാത്തതുകൊണ്ട് ഇവരെ ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്തേണ്ടതില്ല എന്ന് സംസ്ഥാന ഗവൺമെന്റിനോട് ശുപാർശ ചെയ്തു. ശുപാർശയുടെ അടിസ്ഥാനത്തിൽ 2003 ജനുവരിയിൽ ചേർന്ന കാബിനറ്റ് പിന്നോക്ക സമുദായ കമ്മീഷന്റെ ശുപാർശ അംഗീകരിച്ചുകൊണ്ട് ഇവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന തീരുമാനം എടുത്തിട്ടുണ്ട്. ആ കാബിനറ്റ് തീരുമാന പ്രകാരം ഒ.ബി.സി.-യിൽ ഉൾപ്പെടുത്താൻ പാടില്ല എന്നു പറഞ്ഞ് സംസ്ഥാന ഗവൺമെന്റ് 2003 ഫെബ്രുവരിയിൽ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതിന്റെ അർത്ഥം, ഇവർ നേരത്തേ ഒ.ബി.സി.യിൽ ഉണ്ടായിരുന്നു എന്നല്ല. ഒ.ബി.സി.-യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം നിരാകരിക്കുകയാണുണ്ടായത്. ഒ.ബി.സി.-യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. അത് അംഗീകരിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. ഈ സമുദായത്തിന്റെ പേര് കേന്ദ്ര സർക്കാരിന്റെ ഒ.ബി.സി. ലിസ്റ്റിൽ എങ്ങനെ വന്നുവെന്നതിനെ സംബന്ധിച്ച് എന്റെ കയ്യിലുള്ള രേഖ മുഴുവൻ പരിശോധിച്ചു. എന്നാൽ ആ വഴിയിലൊന്നും സംസ്ഥാന ഗവൺമെന്റ് ശുപാർശ ചെയ്തതായിട്ട് കാണുന്നില്ല. എന്താണെന്ന് എനിക്കറിയില്ല; എന്തായാലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സമിതിക്ക് ഇതു പരിശോധിക്കും. എന്റെ കയ്യിലുള്ള രേഖകളിൽ സംസ്ഥാന ഗവൺമെന്റ് ഈ സമുദായത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തുവാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യുന്ന ഒരു രേഖയും കാണുന്നില്ല. ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ ഒ.ബി.സി. ലിസ്റ്റിൽ ഈ സമുദായം ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം.

(2) കോഴിക്കോട് കടൽത്തീരം സംരക്ഷിക്കാൻ പദ്ധതി

ശ്രീ. എ. സുജനപാൽ : ചരിത്ര പ്രസിദ്ധമായ കോഴിക്കോട് കടൽത്തീരം കഴിഞ്ഞ രണ്ടു വർഷങ്ങളായി നിരന്തരമായ കടലാക്രമണം മൂലം ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ്. കാരണം യാതൊരു വിധത്തിലുള്ള സംരക്ഷണ സംവിധാനവും ഇല്ലാത്തതുകൊണ്ട് കടൽത്തീരം ഇല്ലാതായി പോകുന്നു. സ്വാതന്ത്ര്യസമരകാലത്ത് ഗാന്ധിജിയെപ്പോലുള്ള ദേശീയ നേതാക്കന്മാർ, ജവാഹർലാൽ നെഹ്റുവിനെപ്പോലുള്ള ദേശീയ നേതാക്കന്മാർ, അവിടെ വന്ന് സ്വാതന്ത്ര്യ സമരത്തിന് ആവേശം പകർന്ന ആ കടൽത്തീരം ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥ വിഭാവനം ചെയ്യാൻ പോലും പറ്റുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ആ കടൽത്തീരം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം കടൽത്തീരസംരക്ഷണത്തിനുവേണ്ടി ഒരു ഫ്രഞ്ച് ടെക്നോളജി നടപ്പാക്കുന്നത് സംബന്ധിച്ച് എം.എൽ.എ.-മാരുമായി ചർച്ച നടത്തുകയുണ്ടായി. ആ ടെക്നോളജി രൂപപ്പെടുത്തി കേരളത്തിൽ ഒരു പരീക്ഷണം എന്നുള്ള നിലയിൽ കോഴിക്കോട് കടൽത്തീരം സംരക്ഷിക്കുവാൻ വേണ്ടിയുള്ള സമഗ്രമായിട്ടുള്ള ഒരു പദ്ധതി തയ്യാറാക്കണം. കോതി മുതൽ വെള്ളയിൽ, വെസ്റ്റ് ഹിൽ, പുതിയ കടവ്, ബംഗ്ലാദേശ് കോളനി തുടങ്ങിയുള്ള പ്രദേശത്താണ് ഏറ്റവും കൂടുതൽ കടൽക്ഷോഭം ഉണ്ടായിട്ടുള്ളത്. നൂറു കണക്കിന് വീടുകൾ തകർന്നു. ബീച്ച് ആശുപത്രിയുടെ മുൻവശവും കോർപ്പറേഷൻ ഓഫീസിന്റെ മുൻവശവുമുള്ള പ്രദേശങ്ങൾ ഏതാണ്ട് പൂർണ്ണമായും തകർന്ന അവസ്ഥയിലാണ്. അതുകൊണ്ട് അടിയന്തിരമായും ഗവൺമെന്റ് മുൻഗണന നൽകി കോഴിക്കോട് നഗരത്തിലെ കടൽത്തീരം സംരക്ഷിക്കുവാൻ വേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): കോഴിക്കോട് ജില്ലയിൽ പുതിയാപ്പ മുതൽ ബേപ്പൂർ വരെയുള്ള കടൽത്തീരത്താണ് കടലാക്രമണം വളരെ രൂക്ഷമായിട്ട് അനുഭവപ്പെടുന്നത്. ഇവിടെ കടൽഭിത്തി നിർമ്മിച്ചിട്ടില്ല.
10.00 a.m.] കടൽ ഭിത്തി നിർമ്മിക്കേണ്ടത് വളരെ ആവശ്യമാണ്. 2001-2002/ 2002-2003-ൽ താൽക്കാലികമായിട്ട് കുറച്ച് പ്രവർത്തികൾ ചെയ്തു, പക്ഷെ അത് ഈ വർഷത്തെ കടലാക്രമണത്തെ ചെറുക്കാൻ പര്യാപ്തമായിരുന്നില്ല. ഈ സാമ്പത്തികവർഷത്തിൽ എൺപതു ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുവാൻ ഡിപ്പാർട്ടുമെന്റ് നടപടികൾ ആരംഭിച്ചു വരികയാണ്. അതിനു പുറമെ നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ പണം നാവു വർക്കുകൾക്ക് വിഭ്യമാക്കാനുള്ള നടപടികൾ ഞങ്ങൾ സ്വീകരിച്ചു വരികയാണ്. നാവു പ്രവൃത്തികൾക്കുകൂടി 380.90 ലക്ഷം രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ പ്രദേശങ്ങളെല്ലാം ഇതിന്റെ പരിധിക്കുള്ളിൽ വരും. ഇതിന് കേന്ദ്രത്തിന്റെ സാങ്ഷൻ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ കിട്ടാതെ വരുന്ന സാഹചര്യമുണ്ടെങ്കിൽ സംസ്ഥാന ഫണ്ടിൽനിന്നെങ്കിലും ചെയ്യാനുള്ള നടപടി സ്വീകരിക്കാം, കഴിഞ്ഞ ദിവസം കോസ്റ്റൽ ബെൽറ്റിലുള്ള എം.എൽ.എ. മാരെയെല്ലാം കൂടി വിളിച്ച് കടൽ തീര സംരക്ഷണം സംബന്ധിച്ച ഫ്രഞ്ച് ടെക്നോളജിയുടെ ഒരു പ്രസന്റേഷൻ കാണിച്ചു കൊടുക്കുകയുണ്ടായി. അത് സംബന്ധിച്ച് ഒരു തീരുമാനം എടുത്തിട്ടില്ല. അതെല്ലാവരും കണ്ടു. പുതിയ പ്രസന്റേഷനാണ്. ഇൻഡ്യയിൽ അത് കർണാടക സ്റ്റേറ്റിലാണ് ഇൻട്രോഡ്യൂസ് ചെയ്യാൻ പോകുന്നത് എന്നാണെന്നറിയുന്നത്. ഇതിന്റെ കാര്യങ്ങൾ പരിശോധിച്ച് ഏതെങ്കിലും ഘട്ടത്തിലേക്ക് പോസിറ്റീവായിട്ട് നീങ്ങുകയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കോഴിക്കോടോ മറ്റേതെങ്കിലും പ്രദേശത്തോ ഇത് പരീക്ഷിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly